

# സമ്പൂർണ്ണകൃതികൾ: ഭാഗം VIII

കെ. ദാമോദരൻ



## 28. സ്വാതന്ത്ര്യത്തിലേയ്ക്ക്

# സമ്പൂർണ്ണകൃതികൾ: ഭാഗം VIII

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)


കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്



© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.



Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.



The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.



The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം

28 സ്വാതന്ത്ര്യത്തിലേയ്ക്ക് . . . . . . . . . . . . . . . . . . . . . 1

# 28

## സ്വാതന്ത്ര്യത്തിലേയ്ക്ക്

1944 മേയ് 6-ാം ന, ആരോഗ്യപരമായ കാരണങ്ങളാൽ മഹാത്മാഗാന്ധി ജയിലിൽനിന്ന് വിട്ടയയ്ക്കപ്പെട്ടു. ഏറെക്കഴിയുന്നതിനു മുൻപായിട്ടുതന്നെ "1944-ൽ നിന്ന് 1942-ലേയ്ക്കു മടങ്ങിപ്പോകുക സാദ്ധ്യമല്ലാത്തതിനാൽ ആഗസ്റ്റു പ്രമേയത്തിലെ ക്രിയാത്മകഭാഗം സ്വയം റദ്ദാക്കിക്കഴിഞ്ഞിരിക്കുന്നു" എന്ന് അദ്ദേഹം പ്രഖ്യാപിച്ചു.

ആഗസ്റ്റു സമരം അവസാനിച്ചു. എങ്കിലും രാഷ്ട്രീയമായ സ്തംഭനം തുടർന്നു. 1945-ൽ വൈസ്രോയി വേവൽപ്രഭുവും കോൺഗ്രസ്സിന്റെയും മുസ്ലീംലീഗിന്റെയും നേതാക്കളും തമ്മിൽ ഒരു ഒത്തുതീർപ്പിനുള്ള പരിശ്രമം നടന്നു. പക്ഷേ, അത് ഫലിച്ചില്ല. സ്തംഭനം പിന്നെയും തുടർന്നു.

യുദ്ധമവസാനിച്ചപ്പോഴേയ്ക്കും ഇൻഡ്യയുടെ സാമ്പത്തിക വ്യവസ്ഥ വളരെയധികം തകർന്നുകഴിഞ്ഞിരുന്നു. അതോടൊപ്പം തന്നെ ജനങ്ങളുടെ അസംതൃപ്തിയും വളരെയധികം മൂർച്ചിച്ചു കഴിഞ്ഞിരുന്നു.

യുദ്ധകാലത്ത് സുബാഷ്ബോസിന്റെ നേതൃത്വത്തിൽ ജാപ്പധീനപ്രദേശങ്ങളിൽനിന്ന് ഡെൽഹിയിലേയ്ക്ക് മാർച്ചുചെയ്യുകയെന്ന ഉദ്ദേശത്തോടുകൂടി ഒരു ഇൻഡ്യൻ ദേശീയസേന സംഘടിപ്പിക്കപ്പെട്ടിട്ടുണ്ടായിരുന്നു. 1945-ൽ യുദ്ധമവസാനിച്ച ഉടനെ വിജയോന്മത്തരായ ബ്രിട്ടീഷ് സാമ്രാജ്യവാദികൾ ദേശീയസേനയിലെ പട്ടാളക്കാരെ കോൺസെൻട്രേഷൻ ക്യാമ്പുകളിലിട്ട് മർദ്ദിക്കാനും അവരുടെ നേതാക്കന്മാരെ രാജദ്രോഹകുറ്റത്തിന് വിചാരണചെയ്യാനും തുടങ്ങി. നാട്ടുകാർ പ്രതിഷേധ പ്രകടനങ്ങൾ നടത്തുകയും ദേശീയസേനക്കാരായ മുഴുവൻ തടവുകാരെയും നിരുപാധികമായി വിട്ടയക്കാനാവശ്യപ്പെടുകയും ചെയ്തു.

ദേശീയസേനക്കാരെ മോചിപ്പിക്കാനുള്ള പ്രക്ഷോഭണത്തിന്റെ പിന്നാലെ നാവികരുടേയും വൈമാനികരുടേയും ഇടയിലുള്ള അസ്വാസ്ഥ്യങ്ങൾ പൊന്തിവന്നു. ബ്രിട്ടീഷ് പട്ടാളക്കാർക്ക് നൽകുന്ന ഭക്ഷണവും മറ്റു സൗകര്യങ്ങളും തങ്ങൾക്കും അനുവദിച്ചുകിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് നാവികർ പല കേന്ദ്രങ്ങളിലും പണിമുടക്കി നിരാഹാരം തുടങ്ങി. ആഫീസർമാർ ശുണ്ഠിയെടുത്ത് അവരുടെ പ്രക്ഷോഭത്തെ വെടിയുണ്ടകൊണ്ട് അമർത്താൻ നോക്കി. നാവികർ കപ്പലുകൾ കൈവശപ്പെടുത്തി, തോക്കുകൾ തിരിച്ചുവച്ചു.

നാവികരോട് അനുഭാവം കാണിക്കാൻ പലേടത്തും വൈമാനികർ പണിമുടക്കി. നാവികകലാപത്തെ തുടർന്നു കൊണ്ട് നാട്ടിലെങ്ങും പുതിയൊരു പ്രക്ഷോഭമുയർന്നു വന്നു.

1946 മാർച്ച് 4-ാം തീയതി ജബൽപൂരിലെ 300 മിലിട്ടറി ശിപായിമാർ പണിമുടക്കി. ശമ്പളക്കൂടുതലിനുവേണ്ടി ഡെൽഹിയിലെ പോലീസുകാർ നിരാഹാരവ്രതം തുടങ്ങി.

മാർച്ച് 19-ാം ന റേഷൻ കുറച്ചതിനെ പ്രതിഷേധിക്കാൻ അലഹബാദിലെ പോലീസുകാർ നിരാഹാരവ്രതം നടത്തി. ഏപ്രിൽ 3-ാം തീയതി ബീഹാറിലെ 10,000 പോലീസുകാർ പണിമുടക്കി.

നാടൊട്ടുക്കും നടന്ന സമരങ്ങളിൽ കേരളവും പങ്കുകൊണ്ടു. പുന്നപ്ര-വയലാർ സമരങ്ങളെപ്പറ്റി മറ്റൊരദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. മലബാറിൽ എൻ.ജി.ഒ.മാരും പോസ്റ്റൽ പ്രവൃത്തിക്കാരും റെയിൽവെ തൊഴിലാളികളും പണിമുടക്കി. പലേടത്തും മറ്റു തൊഴിലാളികളും സമരങ്ങൾ ആരംഭിച്ചു. വടക്കേമലബാറിലെ കൃഷിക്കാർ സമരത്തിലിറങ്ങി. തരിശുഭൂമികൾ കൃഷിചെയ്യാനും നെല്ലെടുപ്പുദ്യോഗസ്ഥന്മാരുടെ അക്രമങ്ങൾ അവസാനിപ്പിച്ച് സ്വന്തം ഭക്ഷണത്തിന് ആവശ്യമായ ധാന്യങ്ങൾ കൈവശം വയ്ക്കാനുമുള്ള അവകാശങ്ങൾക്കുവേണ്ടി അവർ ഒരു പ്രക്ഷോഭണം തുടങ്ങി.

ഒത്തുതീർപ്പ് അനിവാര്യമായിത്തീർന്നു.

1946 ഫെബ്രുവരി 18-ാം തീയതിയാണ് ബോംബെയിൽ നാവികരുടെ ലഹളയാരംഭിച്ചത്. ഫെബ്രുവരി 19-ാം ന കൂടിയാലോചനകൾക്കുവേണ്ടി ഇൻഡ്യയിലേയ്ക്ക് ഒരു "ക്യാബിനറ്റ്" മിഷനെ അയയ്ക്കാനുള്ള ബ്രിട്ടീഷ് ഗവൺമെൻറിന്റെ തീരുമാനം പ്രധാനമന്ത്രി ആറ്റ്ലി കാമൺസ് സഭയെ അറിയിച്ചു.

മാർച്ചുമാസത്തിൽ സർ സ്റ്റാഫോർഡ് ക്രിപ്സും എ.വി. അലക്സാണ്ടരും ഇൻഡ്യാസെക്രട്ടറി പെത്തിക്ക്‌ലാറൻസുപ്രഭുവും അടങ്ങിയ ക്യാബിനറ്റ്മിഷൻ ഇൻഡ്യയിലെത്തി. കോൺഗ്രസ്സിന്റെയും മുസ്ലീം ലീഗിൻറേയും അധഃകൃതഫെഡറേഷൻറേയും പ്രതിനിധികളുമായും നാട്ടുരാജാക്കന്മാരുമായും കൂടിയാലോചനകൾ നടത്തി. മേയ് 16-ാം ന അവർ തങ്ങളുടെ നിർദ്ദേശങ്ങൾ സമർപ്പിച്ചു.

ഇൻഡ്യയുടെ ഭാവി ഭരണഘടന തയ്യാറാക്കാൻ ഒരു ജനപ്രതിനിധിസഭ വിളിച്ചുകൂട്ടുക, ഉടൻതന്നെ വിവിധഭാഗക്കാരുടെ പ്രതിനിധികളടങ്ങിയ ഒരു താൽക്കാലിക ഗവൺമെൻറ് കേന്ദ്രത്തിലേർപ്പെടുത്തുക, ഇവയായിരുന്നു മിഷന്റെ പ്രധാന നിർദ്ദേശങ്ങൾ.

ഈ നിർദ്ദേശങ്ങൾ സ്വീകരിക്കപ്പെട്ടു. അങ്ങനെ 1946 സെപ്റ്റംബർ 2-ാം ന കോൺഗ്രസ്സിന്റെ ആറു പ്രതിനിധികളും മുസ്ലീം ലീഗിന്റെ അഞ്ചു പ്രതിനിധികളും അധഃകൃത വർഗ്ഗക്കാർ, ഇൻഡ്യൻ ക്രിസ്ത്യാനികൾ, സിക്കുകാർ എന്നിവരുടെ ഓരോ പ്രതിനിധിയുമടങ്ങിയ ഒരു താൽക്കാലിക ഗവൺമെൻറ് നിലവിൽ വന്നു. വൈസ്രോയി അതിന്റെ പ്രസിഡൻറും പണ്ഡിറ്റ് നെഹ്റു വൈസ് പ്രസിഡൻറുമായി. അതിനെ തുടർന്ന് പുതിയ തിരഞ്ഞെടുപ്പുകൾ നടന്നു. മിക്ക സംസ്ഥാനങ്ങളിലും കോൺഗ്രസ്സ് മന്ത്രിസഭകൾ വീണ്ടും അധികാരത്തിൽ വന്നു.

ഡിസംബർ 9-ാം ന ഡെൽഹിയിൽ ജനപ്രതിനിധിസഭ വിളിച്ചുകൂട്ടപ്പെട്ടു. 11-ാം ന ഡോക്ടർ രാജേന്ദ്രപ്രസാദ് അതിന്റെ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടു.

എന്നാൽ അതിനിടയിൽ കോൺഗ്രസ്സും മുസ്ലീം ലീഗും തമ്മിൽ വീണ്ടും അഭിപ്രായവ്യത്യാസങ്ങൾ പൊന്തിവന്നു. മുസ്ലീംലീഗ് താൽക്കാലിക ഗവൺമെൻറിൽനിന്ന് പിന്മാറി. ജനപ്രതിനിധിസഭയെ ബഹിഷ്ക്കരിച്ചു. പാക്കിസ്ഥാൻ സ്ഥാപിക്കുകയാണ് തങ്ങളുടെ അടിയന്തിരലക്ഷ്യമെന്ന് അവർ പ്രഖ്യാപിച്ചു.

കൂടിയാലോചനകൾ തുടർന്നു.

1947 ഫെബ്രുവരിയിൽ ഇൻഡ്യാക്കാരുടെ കൈയ്ക്കളിലേയ്ക്ക് അധികാരം കൈയ്മാറുകയാണ് തങ്ങളുടെ ഉദ്ദേശമെന്ന് ആറ്റ്ലി പ്രഖ്യാപിച്ചു. വേവൽപ്രഭു മടക്കി വിളിക്കപ്പെടുകയും അദ്ദേഹത്തിന്റെ സ്ഥാനത്ത് മൗണ്ട് ബാറ്റൻ പ്രഭു വൈസ്രോയിയായി നിയമിക്കപ്പെടുകയും ചെയ്തു.

വീണ്ടും കൂടിയാലോചനകൾ നടന്നു. 1947 ജൂൺ 3-ാം ന മൗണ്ട് ബാറ്റൻ തന്റെ നിർദ്ദേശങ്ങൾ സമർപ്പിച്ചു.

ഇൻഡ്യയെ പാക്കിസ്ഥാൻ, ഇൻഡ്യ എന്നിങ്ങനെ രണ്ട് രാജ്യങ്ങളാക്കി ഭാഗിക്കണമെന്നുള്ളതായിരുന്നു പ്രധാനമായ നിർദ്ദേശം. ബംഗാൾ, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളേയും ഭാഗിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ഹിന്ദുക്കളും മുസ്ലീമിങ്ങളും തമ്മിലുള്ള മത്സരങ്ങൾക്ക് മൂർച്ചകൂട്ടാൻ സഹായിച്ച നിർദ്ദേശങ്ങളായിരുന്നു ഇവ. ഈ നിർദ്ദേശങ്ങളെ ഒരിക്കലും സ്വീകരിക്കാൻ പാടില്ല എന്ന ഒരു പ്രക്ഷോഭം പൊന്തിവന്നു. ഒടുവിൽ അവ സ്വീകരിക്കപ്പെടുക തന്നെ ചെയ്തു.

1947 ജൂലായ് 4-ാം തീയതി ബ്രിട്ടീഷ് പാർലമെൻറ് ഇൻഡ്യൻ സ്വാതന്ത്ര്യത്തിന്റെ നിയമം പാസ്സാക്കി.

1947 ആഗസ്റ്റ് 15-ാം ന പുലർച്ചയ്ക്ക് അധികാര കൈയ്മാറ്റം നടന്നു. ഇൻഡ്യയും പാക്കിസ്ഥാനും ബ്രിട്ടീഷ് കോമൺവെൽത്തിനകത്തുള്ള സ്വതന്ത്ര ഡൊമിനിയനുകളായിത്തീർന്നു.

രണ്ടു നൂറ്റാണ്ടുകാലത്തെ അടിമത്തം അവസാനിച്ചു.

സ്വതന്ത്ര ഇൻഡ്യയുടെ പ്രധാനമന്ത്രി പണ്ഡിറ്റു ജവഹർലാൽ നെഹ്റു പ്രഖ്യാപിച്ചു:

> "നാം ഇന്നൊരു സ്വതന്ത്രജനതയാണ്; സ്വതന്ത്രരായ പുരുഷന്മാരായി, സ്വതന്ത്രരായ സ്ത്രീകളായി, നമുക്ക് പ്രവർത്തിക്കാം."

1946 ഡിസംബർ മുതൽക്ക് തുടർന്നുവന്ന ജനപ്രതിനിധി സഭയുടെ പ്രവൃത്തി 1949 നവംബറിൽ പൂർത്തിയായി. സ്വതന്ത്ര ഇൻഡ്യയുടെ ഭരണഘടന തയ്യാറായി. 1950 ജനുവരി 26-ാം തീയതി ഇൻഡ്യ ഒരു സ്വതന്ത്ര റിപ്പബ്ലിക്കായി പ്രഖ്യാപിക്കപ്പെട്ടു.

ഇൻഡ്യയുടെ ചരിത്രത്തിൽ പുതിയൊരു അദ്ധ്യായം ആരംഭിക്കുകയായി.

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

## പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

### കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 8

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. കേരളചരിത്രത്തിന്റെ തുടക്കം
2. കേരളത്തിലെ ശിലായുഗ മനുഷ്യർ
3. മഹാശിലാസംസ്കാരം
4. ഗോത്രസമുദായങ്ങൾ
5. സംഘംകൃതികൾ
6. ഗോത്രഭരണത്തിൽ നിന്ന് രാജവാഴ്ചയിലേക്ക്
7. മൂവരചരും ചിറ്റരചരും
8. സംഘംകൃതികളിലെ ചേരരാജാക്കൻമാർ
9. തൊഴിലും ജാതിയും
10. പ്രാചീനകേരളത്തിലെ കുടുംബബന്ധങ്ങൾ
11. സംഘംകൃതികളിലെ സാമൂഹ്യജീവിതം
12. മതവും ദൈവവും
13. പ്രാചീനകേരളത്തിലെ വ്യാപാരബന്ധങ്ങൾ
14. മലയാള ഭാഷയുടെ ഉത്ഭവം
15. ഫ്യൂഡലിസത്തിലേക്ക്
16. ചരിത്രപരമായ ഒരവലോകനം
17. സ്വാതന്ത്ര്യസമരത്തിന്റെ ആരംഭം
18. ബ്രിട്ടിഷ്ഭരണത്തിന്റെ അനിവാര്യഫലങ്ങൾ
19. കാൺഗ്രസ്സിന്റെ ഉത്ഭവവും വളർച്ചയും
20. മലബാർ ലഹള
21. നിസ്സഹകരണത്തിൽനിന്ന് നിയമലംഘനത്തിലേയ്ക്ക്
22. നിയമലംഘനപ്രസ്ഥാനം
23. ഗുരുവായൂർ സത്യാഗ്രഹം
24. വീണ്ടും നിയമലംഘനം
25. സ്വാതന്ത്ര്യസമരം പുതിയ ഘട്ടത്തിൽ
26. രണ്ടാം ലോകമഹായുദ്ധം
27. ആഗസ്റ്റ് സമരം
28. സ്വാതന്ത്ര്യത്തിലേയ്ക്ക്
29. ഐക്യകേരളം


### വെബ് പതിപ്പ കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014